## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.46 29.01.2019-ൽ മറുപടിക്ക്**

## ഇ-വേ ബിൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ ശശി<br>,, സി. കെ. ശശീന്ദ്രൻ<br>,, കെ.കുഞ്ഞിരാമൻ<br>,, വി. അബ്ദുറഹിമാൻ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | അന്തർസംസ്ഥാന ചരക്ക് നീക്കങ്ങൾക്കും സംസ്ഥാനത്തിന് അകത്തുള്ള ചരക്ക് നീക്കങ്ങൾക്കും ഇ-വേ ബിൽ സമ്പ്രദായം നിർബന്ധമാക്കിയത് എന്ന് മുതലാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 2018 ഏപ്രിൽ 1 മുതൽ അന്തർസംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള തെരഞ്ഞെടുക്കപ്പെട്ട ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രസ്തുത സംവിധാനം എത്രത്തോളം ഫലപ്രദമാണെന്ന് വ്യക്തമാക്കാമോ; | (ബി) | അന്തർസംസ്ഥാന ചരക്കുനീക്കങ്ങളുടെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി.ഐ.എൻ ന്റെ അടിസ്ഥാനത്തിൽ തീയതി, സമയം അനുസരിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമാണ്. ചെക്ക്പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ ഇ-വേ ബിൽ സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ വിപുലപ്പെടുത്തി കൂടുതൽ സ്ക്വാഡുകളെ ഇ-വേ-ബിൽ പരിശോധിക്കുന്നതിലേക്കായി നിയോഗിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് നികുതിവരുമാനത്തിലുണ്ടായ വർദ്ധനവ് ഇ-വേ ബില്ലിന്റെ വിശദപരിശോധനയുടെയും കൂടി ഫലമായാണെന്ന് വിലയിരുത്തപ്പെടുന്നു. ഇ-വേ ബിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയതിനു ശേഷം നാളിതുവരെ ഒരു കോടി 17 ലക്ഷത്തോളം ഇ-വേ ബില്ലുകൾ ഓൺലൈനായി എടുത്തിട്ടുണ്ട്. ഇതിൽ 13,78,220 എണ്ണം ഇന്റലിജൻസ് വിഭാഗം പരിശോധനാവിധേയമാക്കിയിട്ടുണ്ട്. ന്യൂനതകൾ കണ്ടെത്തിയ 1,368 കേസ്സുകളിൽ പിഴ ഈടാക്കലും തുടർനടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം ചരക്കുകളെയാണ് ഈ സംവിധാനത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്; | (സി) | ഇ-വേ ബിൽ ഒഴിവാക്കിയിട്ടുള്ള ചരക്കുകളുടെ വിവരം കേന്ദ്ര വിജ്ഞാപനം നമ്പർ 27/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാർ വിജ്ഞാപനം നം. 03/2018 പ്രകാരം വാൻ സെയിലും, സംസ്ഥാനത്തിനകത്ത് കർഷകരിൽ നിന്നും നേരിട്ടുള്ള റബ്ബർ സ്ക്രാപ്പ്, റബ്ബർ ഷീറ്റ്, റബ്ബർ പാൽ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വാങ്ങലും ഇ-വേ ബില്ലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, യന്ത്രവൽകൃതമല്ലാത്ത വാഹനങ്ങളിലൂടെയുള്ള ചരക്കു നീക്കത്തിന് ഇ-വേ ബിൽ ഒഴിവാക്കിയിട്ടുണ്ട്. ഉപഭോക്തൃ വില്പന 25 കിലോമീറ്റർ പരിധിക്കകത്ത് ആണെങ്കിൽ ആയതിനും ഇ-വേ ബിൽ നിർബന്ധമല്ല. |
| (ഡി) | നൂതന സാങ്കേതികവിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കള്ളക്കടത്തും നികുതിവെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണക്യാമറകൾ |

—3

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണ ക്യാമറകളിൽ നിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി നെറ്റ് വർക്ക് പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ഇല്ലെങ്കിൽ തത്സമയം തന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. ഇ-വേ ബിൽ പരിശോധനാസമ്പ്രദായം കാര്യക്ഷമമാക്കുന്നതിനായി ഇതിനെ ആർ.എഫ്.ഐ.ഡിയുമായി ബന്ധപ്പെടുത്തി ഇന്ത്യയൊട്ടാകെ നടപ്പിലാക്കുന്നതിനെപ്പറ്റിയുള്ള തുടർനടപടികൾ 32-ാം ജി.എസ്.ടി കൗൺസിലിൽ ഒരു പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തിയിരുന്നു. കേന്ദ്രസർക്കാർ ആർ.എഫ്.ഐ.ഡി സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയം പ്രവർത്തന ക്ഷമമായി മാറുകയും ചെയ്യും. നിലവിൽ ഇന്റലിജന്റ്സ് വിഭാഗം ഓൺലൈൻ സംവിധാനങ്ങളുപയോഗിച്ച് ഇ-വേ ബിൽ പരിശോധിക്കുകയാണ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**